# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2482 06.12.2018 -ൽ മറുപടിക്ക്

## ചെറുകിട വ്യവസായങ്ങൾ

ചോദ്യം | ഉത്തരം

**ശ്രീ.ഇ.കെ.വിജയൻ**

**ശ്രീ. ഇ.പി. ജയരാജൻ**
**(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| എ) | ചെറുകിട വ്യവസായങ്ങൾ ആരംഭിക്കാൻ എന്തൊക്കെ പുതിയ പദ്ധതികൾ ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ആവിഷ്കരിച്ചിട്ടുണ്ട് എന്ന് വിശദമാക്കാമോ; | എ) | കേരളത്തിൽ ബിസിനസ്സ് നടത്തുന്നത് സുഗമമാക്കുക എന്ന ഉദ്ദേശത്തോടുകൂടി വ്യവസായ സംരംഭകർക്ക് ലൈസൻസുകളും ക്ലിയറൻസുകളും അതിവേഗം,സുതാര്യമായി ലഭ്യമാക്കുന്നതിന് വിവിധ വകുപ്പുകളിലായി നിലനിന്നിരുന്ന ഏഴ് ആക്ടുകളിൽ ഭേദഗതി വരുത്തി 2018-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും(2-ാം നമ്പർ) ആക്ട്(2018-ലെ 14-ാം നിയമം) നിലവിൽ വന്നു.<br>സമയബന്ധിതമായി ലൈസൻസുകളും ക്ലിയറൻസുകളും ലഭ്യമാകുന്നു എന്നത് പരിശോധിച്ച് ഉറപ്പുവരുത്തുന്നതിനായി സംസ്ഥാനതലത്തിലും, ജില്ലാതലത്തിലും കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ സെല്ലുകൾ രൂപീകരിച്ചിട്ടുണ്ട്..<br>വിവിധ വകുപ്പുകളുടെ അപേക്ഷ ഫോറം ഏകീകരിച്ചുകൊണ്ട് ഒരു ഏകീകൃത അപേക്ഷ ഫോറം മുഖേന അനുമതികൾ കാലതാമസം ഇല്ലാതെ ലഭിക്കുന്നതിനായി ആരംഭിച്ച ഏക ജാലക ഓൺലൈൻ സംവിധാനമായ K-SWIFT ന്റെ ഔദ്യോഗിക ലോഞ്ചിങ്ങ് 08.01.2019 ൽ നടത്തുവാൻ നിശ്ചയിച്ചിട്ടുണ്ട്. |
| ബി) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പൂട്ടിയ എത്ര സ്ഥാപനങ്ങൾ ഈ സർക്കാർ പുനരാരംഭിച്ചിട്ടുണ്ട്; വിശദമാക്കാമോ; | ബി) | MSME സംരംഭങ്ങൾ സ്വകാര്യ വ്യക്തികൾ ആരംഭിക്കുന്നതാണ്. ആയതിനാൽ സ്വകാര്യ MSME യൂണിറ്റുകൾ സർക്കാർ ആഭിമുഖ്യത്തിൽ പുനരാരംഭിക്കാറില്ല. |
| സി) | ചെറുകിട വ്യവസായങ്ങൾ ആരംഭിക്കാൻ സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ വെളിപ്പെടുത്താമോ? | സി) | MSME സംരംഭങ്ങൾ ആരംഭിക്കുന്നതിലേക്കായി സംരംഭകൻ കേന്ദ്ര സർക്കാരിന്റെ ഉദ്യോഗ് ആധാറിൽ രജിസ്റ്റർ ചെയ്യണം. ആയത് നേരിട്ട് ചെയ്യാൻ കഴിഞ്ഞില്ലായെങ്കിൽ ബന്ധപ്പെട്ട ജില്ലാ വ്യവസായ കേന്ദ്രത്തിലെ വ്യവസായ വികസന ആഫീസർ മുഖാന്തിരം ചെയ്യാവുന്നതാണ് . തുടങ്ങാൻ ഉദ്ദേശിക്കുന്ന സംരംഭത്തിന്റെ സ്വഭാവം അനുസരിച്ച് ആവശ്യമായി വരുന്ന വിവിധ ലൈസൻസുകൾ ലഭിക്കുന്നതിനായി വ്യവസായം തുടങ്ങാൻ ഉദ്ദേശിക്കുന്ന ജില്ലയിലെ വ്യവസായ കേന്ദ്രത്തിൽ പ്രവർത്തിക്കുന്ന Single Window Clearance Board -ന് അപേക്ഷ നൽകാവുന്നതാണ്. നിയമപരമായ തടസങ്ങൾ ഒന്നും ഇല്ലായെങ്കിൽ 30 ദിവസത്തിനകം ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നുള്ള ലൈസൻസുകൾ ലഭ്യമാക്കി വ്യവസായം ആരംഭിക്കാവുന്നതാണ്. |

**സെക്ഷൻ ഓഫീസർ**